## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 113 — 11.06.2012-ൽ മറുപടിക്ക്.

### കണ്ണൂർ വിമാനത്താവളത്തിനായുള്ള സർവ്വേ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണത്തിനുള്ള സർവ്വേ നടത്തുവാൻ ഏത് ഏജൻസിയെയാണ് ഏല്പിച്ചത്; | (എ) (ബി), (സി), & (ഡി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണത്തിനായി സർവ്വേ മാത്രം നടത്താൻ ആരേയും ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട്, റൺവേയുടെ ഡിസൈൻ, എസ്റ്റിമേറ്റ്, ടെൻഡർ ഡോക്യുമെന്റ്സ് മുതലായവ തയ്യാറാക്കുന്നതിന് കൊച്ചിൻ ഇന്റർ നാഷണൽ എയർപ്പോർട്ട് ലിമിറ്റഡിനെ (സിയാൽ) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൺസൽട്ടൻസിയുടെ ഭാഗമായി സിയാൽ ടോപ്പോഗ്രാഫിക്കൽ സർവ്വേക്കും കോണ്ടൂർ സർവ്വേക്കും, ഒബ്സ്ട്രക്ഷൻ സർവ്വേക്കും വേണ്ടി മറ്റു ഏജൻസികളെ ഏർപ്പെടുത്തിയിരുന്നതായി അറിവുണ്ട്. സിയാൽ സമർപ്പിച്ച കരട് പ്രോജക്ട് റിപ്പോർട്ടും മറ്റു രേഖകളും പരിശോധിച്ച് വരികയാണ്. കണ്ണൂർ ഇന്റർ നാഷണൽ എയർപ്പോർട്ട് |
| (ബി) | സർവ്വേ നടത്തുവാൻ പ്രസ്തുത ഏജൻസിയെ ഏൽപ്പിച്ചത് എന്നാണെന്നും എന്ത് അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുമോ; | | |
| (സി) | സർവ്വേ നടത്തുവാനുള്ള സാങ്കേതിക മികവും പരിജ്ഞാനവും പ്രസ്തുത ഏജൻസിക്ക് സ്വന്തമായുണ്ടോയെന്നും മറ്റേതെങ്കിലും ഏജൻസികൾക്ക് സബ് കോൺട്രാക്റ്റ് നൽകുന്നതാണോയെന്നും വ്യക്തമാക്കുമോ; | | |
| (ഡി) | ഇത്തരമൊരു സർവ്വേ നടത്തുവാനുള്ള സംവിധാനങ്ങളില്ലാത്ത ഏജൻസിയെ സർവ്വേ നടത്തുവാൻ ഏൽപ്പിച്ചത് എന്തിനാണെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ലിമിറ്റഡിന്റെ 7 ഡിസംബർ 2011 തീയതിയിലെ ബോർഡ് തീരുമാന പ്രകാരമാണ് സിയാലിനെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും മറ്റും തയ്യാറാക്കുന്നതിന് നിയോഗിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ